**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ എൻ.ലളിതയുടെ മകളും ആശ്രിതയുമായ ശ്രീമതി. ജയമ. കെ.പിയ്ക്ക് പഞ്ചായത്ത് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(എം.എസ്) നം.114/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 11/08/2016.

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) GO(P) No. 14/10/P&ARD തീയതി,12/04/2010.

3) ശ്രീമതി.ജയമ.കെ.പിയുടെ 14/05/2013 ലെ അപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 24.03.2014 , 21.01.2015 തീയതികളിലെ ഇ 7-30416/13 നമ്പർ കത്ത്.

3) കോഴിക്കോട് ജില്ലാ കളക്ടറുടെ 11.12.2015 ലെ എസ് 4-22248/2015 നമ്പർ കത്ത്.

4) കൊയിലാണ്ടി താലൂക്ക് തഹസീൽദാരുടെ 26/06/2014 ലെ 5687/2014 കെ ഡിസ് നമ്പർ കത്ത്.

5) ശ്രീമതി. ജയമ.കെ.പി യുടെ 05/07/2014 ലെ സമ്മതപത്രം

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ എൻ.ലളിതയുടെ മകളും ആശ്രിതയുമായ ശ്രീമതി. ജയമ. കെ.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു പരേതയായ എൻ.ലളിതയ്ക്ക് 22 വർഷവും 08 മാസവും 23 ദിവസവും സേവനകാലമുണ്ട്.

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ **06.09.2012** ലാണ് എൻ.ലളിത നിര്യാതയാവുന്നത്. അപേക്ഷകയായ ശ്രീമതി. ജയമ. കെ.പി പരേതയുടെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 15.05.1962 ആണ്. 54 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചതെങ്കിലും പ്രസ്തുത തസ്തികയിലേക്ക് നിയമനത്തിനായുള്ള പ്രായപരിധി അധികരിച്ചതിനാൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനത്തിന് സമ്മതമാണെന്ന പരാമർശം 7 പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതയായ എൻ.ലളിതയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 12,000/- രൂപയാണ്. ടിയാൾ വിവാഹശേഷവും പരേതയുടെ ആശ്രിതയായിരുന്നുവെന്ന് പരാമർശം 6 പ്രകാരം കൊയിലാണ്ടി താലൂക്ക് തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും കോഴിക്കോട് ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ എൻ.ലളിതയുടെ മകളും ആശ്രിതയുമായ ശ്രീമതി. ജയമ. കെ.പിയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ പരിശോധിച്ച് പരാമർശം 1,2 സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ എൻ.ലളിതയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ.എം.കെ**
ഗവ.ജോയിൻറ് സെക്രട്ടറി

ശ്രീമതി. ജയമ.കെ.പി. കച്ചേരി പറമ്പിൽ ഹൌസ്, നടുവണ്ണൂർ. പി,ഒ, പിൻ- 673614 കോഴിക്കോട്
(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നംപർ 23566/ഇപിഎ 3/14/തസ്വഭവ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ